# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1008** **28.04.2017 ൽ മറുപടിയ്ക്ക്**

**മൂന്നാറിലെ വൻകിട കയ്യേറ്റം സംബന്ധിച്ച്കണക്കെടുപ്പ്**

**ചോദ്യം** — **ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി** — **ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പ് കണക്കെടുപ്പ് നടത്തുന്നുണ്ടോ; എങ്കിൽ ആർക്കാണ് കണക്കെടുപ്പിന്റെ ചുമതല നൽകിയിട്ടുള്ളത്; കണക്കെടുപ്പ് പൂർത്തിയാക്കി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കും എന്ന് വ്യക്തമാക്കാമോ; | (എ) മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് ദേവികുളം സബ് ഡിവിഷനിൽ ഉൾപ്പെടുന്ന എല്ലാ റവന്യൂ ഓഫീസുകൾ മുഖാന്തിരവും പരിശോധന നടത്തിവരുന്നതാണ്. കയ്യേറ്റം ഒഴിപ്പിക്കലും, സർക്കാർഭൂമി സംരക്ഷണവും എന്നത് റവന്യൂ വകുപ്പിലെ എല്ലാ തസ്തികയിലുമുള്ള ജീവനക്കാരുടെ പ്രാഥമിക കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതും അടിയന്തര പ്രാധാന്യത്തോട് കൂടി സമയബന്ധിതമായി നിർവ്വഹിക്കേണ്ടതുമായ പ്രവൃത്തിയുമാണ്. കൂടാതെ ഇടുക്കിജില്ലയിലെ അനധികൃത വൻകിട കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ആയതിന്റെ കാലാവധി, കയ്യേറ്റത്തിന്റെ സ്വഭാവം, ഇപ്പോഴത്തെ ഉപയോഗം, സ്ഥല പരിധി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്കും, ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | (ബി) മുന്നൂറിലേറെ കയ്യേറ്റങ്ങൾ മൂന്നാറിലുണ്ടായിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മൂന്നാറിലെ കയ്യേറ്റങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതാണ്. |
| (സി) | കയ്യേറ്റത്തിന്റെ സ്വഭാവം, വ്യാപ്തി, കയ്യേറ്റഭൂമിയിലെ അനധികൃതനിർമ്മാണം,കയ്യേറ്റം മൂലമുണ്ടായ പരിസ്ഥിതി ആഘാതം എന്നീ കാര്യങ്ങളൊക്കെ റവന്യൂ വകുപ്പിന്റെ പരിശോധനയിൽ ഉൾപ്പെടുമോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) കയ്യേറ്റത്തിന്റെ സ്വഭാവം, വ്യാപ്തി, കയ്യേറ്റ ഭൂമിയിലെ അനധികൃത നിർമ്മാണം, കയ്യേറ്റം മൂലമുണ്ടായ പരിസ്ഥിതി ആഘാതം, എന്നിവയൊക്കെ റവന്യൂ വകുപ്പിന്റെ പരിശോധനയിൽ ഉൾപ്പെടുന്നതാണ്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആശയവിനിമയം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കാറുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ